


# വംശവെറിയുടെ പ്രയോഗരീതികൾ

**വംശവെറി**യുടെ വിഷബീജങ്ങൾ സമൂഹഗാത്രത്തിന്റെ സർവനാഡീഞരമ്പുകളിലും അരിച്ചരിച്ച് കയറുകയും മാരകമായ വിഷാണുക്കൾ ഉൽപാദിപ്പിക്കുകയും ചെയ്യുന്നു. വ്യക്തികളുടെ ബോധമണ്ഡലങ്ങൾ മുതൽ രാഷ്ട്രത്തിന്റെ നിയമനിർമാണ-നീതിന്യായ വ്യവസ്ഥകളിൽ വരെ വംശവിദ്വേഷത്തിന്റെ വിഷം കുത്തിവെക്കാൻ അവക്കു കഴിയുന്നു. ആ വിഷം പ്രവർത്തിച്ചുതുടങ്ങുമ്പോഴാണ് വംശീയതയുടെ അപകടകരമായ ആവിഷ്കാരങ്ങൾ സമൂഹജീവിതത്തിന്റെ വ്യത്യസ്ത മേഖലകളിൽ ഭിന്ന രൂപത്തിലും ഭാവത്തിലും പ്രത്യക്ഷപ്പെടുന്നത്.

വെറുപ്പ്, അകൽച്ച, അവഹേളനം, അവഗണന, പരിഹാസം, ഭ്രഷ്ട്, വിവേചനം, പാർശ്വവത്കരണം, ആധിപത്യശ്രമം, കൈയേറ്റം, പീഡനം, കൊലപാതകം, കലാപം തുടങ്ങിയവയെല്ലാം വംശീയതയുടെ പ്രയോഗ രൂപങ്ങളാണ്. എല്ലാ വിശുദ്ധ സങ്കൽപങ്ങളെയും അട്ടിമറിക്കുന്ന വംശീയത, മനുഷ്യ മനസ്സുകളിൽ വിഭജനത്തിന്റെ മതിലുകൾ പണിയുന്നു, വെറുപ്പിന്റെ അഗ്നി ജ്വലിപ്പിക്കുന്നു. അതിരുകളില്ലാത്ത സൗഹൃദത്തെയും സഹവർത്തിത്വത്തെയും അംഗീകരിക്കാത്ത വംശീയത, കൂടിച്ചേരലുകളെയും പങ്കുവെക്കലുകളെയും നിരാകരിക്കുകയും ബഹുസ്വരതക്കു പകരം 'ഏകാത്മകത'യെ ത്വരിപ്പിക്കുകയും ചെയ്യുന്നു. നീതി, നിയമം, ഭരണഘടന, പൊതുവായ സാംസ്കാരിക മൂല്യങ്ങൾ എന്നിവ മാത്രമല്ല, ചിലപ്പോൾ ദൈവവും മതവും വരെ വംശവൈരത്തിനു മുമ്പിൽ അപ്രസക്തമായിത്തീരും. ഏതെങ്കിലുമൊരു ഘട്ടത്തിൽ, സാഹചര്യങ്ങളാൽ സൃഷ്ടിക്കപ്പെടുകയും സാഹചര്യങ്ങൾ ഇല്ലാതാകുമ്പോൾ അവസാനിക്കുകയും ചെയ്യുന്നതല്ല, തലമുറകൾ കൈമാറി കെടാതെ കത്തിച്ചുനിർത്തുന്ന ആസുരതയാണ് വംശീയത. അക്രമാസക്തി വംശീയതയുടെ ഒരു പ്രധാന സവിശേഷതയാണ്. അപരന്മാർക്കെതിരെ ഏതു നിമിഷവും പൊട്ടിത്തെറിക്കാവുന്ന സ്ഫോടക വസ്തുവായാണ് പലപ്പോഴും വംശീയ വിദ്വേഷം സമൂഹത്തിൽ കുടികൊള്ളുന്നത്.

**സന്യാസിമാരും സ്വാമിനികളുമുൾപ്പെടെ ഭൂരിപക്ഷ വംശക്കാർ പ്രതികളായ മാലേഗാവ് പോലുള്ള ബോംബ് സ്ഫോടനങ്ങൾ ക്രിമിനൽ കുറ്റങ്ങൾ മാത്രമേ ആകുന്നുള്ളൂ, രാജ്യദ്രോഹമാകുന്നില്ല! ക്രിമിനലിസത്തിനും രാജ്യദ്രോഹത്തിനുമിടയിലെ അതിർവരമ്പുകൾ നിശ്ചയിക്കുന്നത് വംശീയതയാണ്. ഒരേ തെറ്റിനെ രണ്ടു കണ്ണിലൂടെ കാണുന്നതും രണ്ടു തരത്തിൽ അവതരിപ്പിക്കുന്നതും വംശവെറിയുടെ അടയാളമാണ്.**

പൊതുസ്ഥലങ്ങൾ, കച്ചവടസ്ഥാപനങ്ങൾ, തെരുവുകൾ, ഗവൺമെന്റ് ഓഫീസുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വാഹനങ്ങൾ, കളിക്കളങ്ങൾ തുടങ്ങി എല്ലാ തലങ്ങളിലും വംശീയതയുടെ അടയാളങ്ങൾ പ്രത്യക്ഷപ്പെടുന്നു. മദ്യഷാപ്പുകൾ മുതൽ വേശ്യാലയങ്ങൾ വരെ, വസ്ത്രങ്ങൾ മുതൽ കാർട്ടൂണുകൾ വരെ വംശവെറിയുടെ അരങ്ങേറ്റത്തിന്റെ ഇടങ്ങളാകാറുണ്ട്. കലാ സാഹിത്യ സാംസ്കാരിക മേഖലകളിൽ പ്രത്യക്ഷമായും പരോക്ഷമായും വംശീയത കർമനിരതമാണ്. നോവൽ, കഥ, കവിത, നാടകം, സിനിമ, സീരിയൽ, ഡോക്യുമെന്ററികൾ തുടങ്ങി ഹാസ്യാത്മക ലേഖനങ്ങളിൽ വരെ വംശവെറിയുടെ അടയാളങ്ങൾ കാണാനാകും.

ആശയവിനിമയത്തിന്റെ അനന്ത സാധ്യതകൾ തുറന്നു തരുന്ന ഇന്റർനെറ്റിന്റെ ലോകം വംശീയ വിദ്വേഷ പ്രചാരണത്തിന്റെ മലീമസമായ രംഗവേദി കൂടിയാണ്. വംശവെറി പ്രസാരണം ചെയ്യുന്ന നൂറുക്കണക്കിന് വെബ് സൈറ്റുകൾ (hate sites)ഉണ്ട്. വ്യാജവാർത്തകൾ, പഠനങ്ങൾ, റിപ്പോർട്ടുകൾ, ചിത്രങ്ങൾ തുടങ്ങിയവ 'ശത്രുവംശജർ'ക്കെതിരെ പ്രചരിപ്പിക്കുക മാത്രമല്ല, മറ്റുള്ളവരുടെ വെബ് സൈറ്റുകളിൽ നുഴഞ്ഞുകയറി അവ വികൃതമാക്കുകയും ചെയ്യുന്നു. വംശീയവാദികൾ മറ്റുള്ളവരുടെ പേരിൽ കള്ളവാർത്തകൾ നിറഞ്ഞ വ്യാജ സൈറ്റുകൾ നിർമിക്കുന്നു. മുസ്‌ലിംകളുടേത് എന്നു തോന്നിപ്പിക്കുന്ന, അറബി/ ഇസ്‌ലാമിക പേരുള്ള നിരവധി വെബ് സൈറ്റുകൾ ഇസ്‌ലാംവിരുദ്ധർ നിർമിച്ചത് ഇതിന്റെ മികച്ച ഉദാഹരണമാണ്.

വംശീയത ചിലപ്പോൾ പെട്ടെന്ന് മനസ്സിലാക്കാൻ കഴിയാത്തവിധം ഒളിഞ്ഞു കിടക്കുകയാണ് ചെയ്യുക. വ്യക്തികളുടെ ഉപബോധ മനസ്സിൽ കുടികൊള്ളുന്ന വംശീയവികാരം ചില ഘട്ടങ്ങളിൽ വാക്കുകളും കർമങ്ങളുമായി പുറത്തേക്ക് വരുമെങ്കിലും 'ഇരകൾ'ക്ക് അതിൽ വംശീയത ദർശിക്കാൻ കഴിഞ്ഞുകൊള്ളണമെന്നില്ല. ഒരു സ്വാഭാവിക പ്രക്രിയയായി അത്തരം വാക്കുകളെയും പ്രവർത്തനങ്ങളെയും വിലയിരുത്താനേ അവർക്ക് കഴിയൂ. ഒരു ഗവൺമെന്റ് ഓഫീസിലെ ഉദ്യോഗസ്ഥനിൽനിന്ന് അപരവംശത്തിലെ ഒരാൾക്കുണ്ടാകുന്ന ദുരനുഭവത്തെ 'സർക്കാർ ഉദ്യോഗസ്ഥരുടെ പതിവ് രീതി' എന്ന വിശേഷണത്തിലൊതുക്കുമ്പോൾ, ആ ഓഫീസറെ മോശമായ പെരുമാറ്റത്തിന് പ്രേരിപ്പിച്ചത് വംശീയ വികാരമാണെന്ന് 'ഇരകൾ' ശ്രദ്ധിക്കാതെ പോകുന്നു. കാരണം അതേ വിഷയത്തിൽ അതേ ഓഫീസർ അതേ ഓഫീസിൽ വെച്ച് മറ്റൊരാളോട് തികച്ചും വ്യത്യസ്തമായ സമീപനം സ്വീകരിക്കുന്നു. ഇയാൾ 'അപര'നല്ല, സ്വന്തം വംശക്കാരനാണ് എന്നതാണ് കാരണം.

വംശീയത ദേശീയതത്വത്തിന് അടിത്തറയാവുകയും 'വംശീയ രാഷ്ട്രങ്ങളും' 'വംശീയ ഭരണകൂടങ്ങളും' രൂപപ്പെട്ടുവരികയും ചെയ്യുമ്പോൾ രണ്ടുതരം പൗരന്മാരെ സൃഷ്ടിക്കുന്ന രീതിയിലായിരിക്കും നിയമനിർമാണം. അതു വംശീയ ധ്രുവീകരണത്തിന് വഴിവെക്കുന്നു. ഭൂരിപക്ഷ വംശജർ രാഷ്ട്രത്തിനകത്ത് മേധാവിത്വം നേടുന്നു. അവർ അധികാരം പിടിക്കുകയും ഭരണമേഖലകളിൽ അൽപാൽപമായി പിടിമുറുക്കുകയും ചെയ്യുന്നു. ന്യൂനപക്ഷ വംശജരെ അടിമകളാക്കുന്നതിനോ ഉന്മൂലനം നടത്തുന്നതിനോ വേണ്ടിയുള്ള പദ്ധതികൾ നടപ്പിലാക്കി തുടങ്ങുന്നു. ന്യൂനപക്ഷ വംശജരെ 'അപരൻ'മാരായി കാണുകയും രാജ്യസ്നേഹമില്ലാത്തവരും ദേശദ്രോഹികളുമായി മുദ്രകുത്തുകയും ചെയ്യുന്നു. വ്യത്തിയില്ലാത്തവർ, ബുദ്ധിയില്ലാത്തവർ, സംസ്കാരശൂന്യർ, രാഷ്ട്ര പുരോഗതിക്കും അഖണ്ഡതക്കും തടസ്സം നിൽക്കുന്നവർ, രാജ്യത്തെ തകർക്കാൻ ശ്രമിക്കുന്നവർ തുടങ്ങിയ മുദ്രകൾ അവരുടെമേൽ ചാർത്തപ്പെടുന്നു. വംശം കൊണ്ടും അത് തിരിച്ചറിയാനുള്ള പേരും വേഷവും ആചാരവും കൊണ്ടും മാത്രം അവർ രാജ്യദ്രോഹികളായി മാറുന്നു. തങ്ങൾ രാജ്യദ്രോഹികളല്ല, ദേശസ്നേഹികളാണെന്ന് തെളിയിക്കുംവരെ അവർ ശത്രുക്കളുടെ സ്ഥാനത്തോ സംശയിക്കപ്പെടുന്നവരുടെ ഗണത്തിലോ ആയിരിക്കും. 'നിരപരാധിത്വം' തെളിയിക്കേണ്ടതാകട്ടെ അവരുടെ തന്നെ ബാധ്യതയും. ശ്രീലങ്കയിലെ തമിഴരുടെ സ്ഥിതി അതാണ്. സിംഹളരെ സംബന്ധിച്ചേടത്തോളം ഓരോ തമിഴനും ദേശദ്രോഹിയും വെറുക്കപ്പെടേണ്ടവനുമാണ്. ഇന്ത്യയിലെ മുസ്‌ലിംകൾ പൊതുവെയും ഗുജറാത്തിലെയും കശ്മീരിലെയും മറ്റും മുസ്‌ലിംകൾ പ്രത്യേകിച്ചും അത്തരമൊരവസ്ഥയിലേക്ക് എത്തിക്കൊണ്ടിരിക്കുന്നു/ എത്തിച്ചുകൊണ്ടിരിക്കുന്നു. സംഘ്പരിവാറും മീഡിയയും നിയമപാലകരുമുൾപ്പെടെയുള്ള ഭരണകൂട സ്ഥാപനങ്ങളേറെയും അതിനുള്ള ശ്രമത്തിലാണ്.

ഇന്ത്യയിൽ എവിടെയെങ്കിലും നടന്ന ബോംബ് സ്ഫോടനത്തിനു പിന്നിൽ അറബിപ്പേരുള്ള ഒരാളുണ്ടെന്ന് സംശയിക്കപ്പെടുന്നതോടെ അയാൾ മാത്രമല്ല അയാളുടെ മതവും സമുദായവും രാജ്യദ്രോഹത്തിന്റെ കള്ളിയിലേക്ക് മാറ്റിനിർത്തപ്പെടുന്നു. എന്നാൽ, സന്യാസിമാരും സ്വാമിനികളുമുൾപ്പെടെ ഭൂരിപക്ഷ വംശക്കാർ പ്രതികളായ മാലേഗാവ് പോലുള്ള ബോംബ് സ്ഫോടനങ്ങൾ ക്രിമിനൽ കുറ്റങ്ങൾ മാത്രമേ ആകുന്നുള്ളൂ, രാജ്യദ്രോഹമാകുന്നില്ല! ക്രിമിനലിസത്തിനും രാജ്യദ്രോഹത്തിനുമിടയിലെ അതിർവരമ്പുകൾ നിശ്ചയിക്കുന്നത് വംശീയതയാണ്. ഒരേ തെറ്റിനെ രണ്ടു കണ്ണിലൂടെ കാണുന്നതും രണ്ടു തരത്തിൽ അവതരിപ്പിക്കുന്നതും വംശവെറിയുടെ അടയാളമാണ്.

കർക്കശമായ വ്യവസ്ഥകളോടെയുള്ള പൗരത്വം തെളിയിക്കൽ, പ്രത്യേക നിറത്തിലും രൂപത്തിലുമുള്ള തിരിച്ചറിയൽ കാർഡുകൾ, വിദ്യാഭ്യാസം, ജോലി, സിവിൽ-ക്രിമിനൽ നിയമങ്ങൾ തുടങ്ങിയവയിലെല്ലാം പ്രത്യേക വകുപ്പുകൾ, ഗവൺമെന്റ് സർവീസിൽനിന്ന് മൊത്തത്തിലോ ഉന്നത തസ്തികകളുൾപ്പെടെ ചില മേഖലകളിൽനിന്ന് പ്രത്യേകമായോ മാറ്റിനിർത്തപ്പെടൽ, ആരാധനാലയങ്ങൾക്കും ആഘോഷങ്ങൾക്കും വിദേശ യാത്രകൾക്കും ഏർപ്പെടുത്തുന്ന കടുത്ത നിയന്ത്രണങ്ങളും നിരോധങ്ങളും ഇവയെല്ലാം വംശീയതയിലധിഷ്ഠിതമായ രാഷ്ട്ര ഘടനയിൽ ന്യൂനപക്ഷ വംശജർ അനുഭവിക്കേണ്ടിവരുന്ന പീഡനങ്ങളാണ്. നിസ്സാര പ്രശ്നങ്ങളുടെ പേരിലും ബോധപൂർവം സൃഷ്ടിക്കപ്പെടുന്ന കൃത്രിമമായ കാരണങ്ങളാലും ന്യൂനപക്ഷ വംശജർക്കെതിരെ ആക്രമണങ്ങളും കലാപങ്ങളും പൊട്ടിപ്പുറപ്പെടും. വംശീയ ഉന്മൂലനം ലക്ഷ്യംവെച്ചുള്ള ഗവൺമെന്റ് സ്പോൺസേർഡ് പരിപാടികളാകാം ചിലപ്പോഴത്. അക്രമവും കലാപവും നടത്തുന്ന ഭൂരിപക്ഷ വംശജരോട് നിയമപാലകരും നീതിപീഠങ്ങളും ഗവൺമെന്റും സോഫ്റ്റ് കോർണർ സമീപനം സ്വീകരിക്കുന്നതും അതിനേക്കാൾ എത്രയോ കുറഞ്ഞ അളവിൽ ന്യൂനപക്ഷ വംശജരിൽനിന്നുണ്ടാകുന്ന ചെറിയ തെറ്റുകൾ പർവതീകരിക്കുന്നതും കടുത്ത നടപടികൾ സ്വീകരിക്കുന്നതും വംശീയ ഇരട്ടത്താപ്പിന്റെ അടയാളമാണ്.

യൂറോപ്പ്, ആഫ്രിക്ക, അമേരിക്ക, ഇന്ത്യ, ശ്രീലങ്ക, പാകിസ്താൻ, തുർക്കി, അറബ് രാജ്യങ്ങൾ ഇവിടങ്ങളിലെല്ലാം വംശവിവേചനങ്ങൾ ഏറിയോ കുറഞ്ഞോ അളവിൽ നിലനിൽക്കുന്നുണ്ട്. അമേരിക്കയിലും യൂറോപ്യൻ രാജ്യങ്ങളിലും 'അപരവത്കരണ'ത്തിന്റെ ഭിന്ന രീതികളുണ്ട്. അറബികൾ, മുസ്‌ലിംകൾ, മൂന്നാം ലോക രാജ്യക്കാർ, ഇന്ത്യക്കാർ തുടങ്ങിയവ

രൊക്കെ അപരന്മാരുടെ ഗണത്തിലാണ് അമേരിക്കയിലും യൂറോപ്പിലും. ഇന്ത്യൻ വംശജനായ ജോർജ് ഫെർണാണ്ടസ് മുതൽ മമ്മുട്ടി എന്ന മുഹമ്മദ് കുട്ടി ഇസ്മാഈൽ എന്ന ഇന്ത്യൻ മുസ്‌ലിം വരെ ഈ അപരവത്കരണത്തിന്റെ ചൂട റിഞ്ഞിട്ടുണ്ട്. വംശീയത തന്നെയാണ് ഇത്തരം സംശയങ്ങൾക്കും അവഹേളന ങ്ങൾക്കും പിന്നിലെ യഥാർഥ വില്ലൻ.

വേൾഡ് ട്രേഡ് സെന്ററും പെന്റഗ ണും 9/11ന് ആക്രമിക്കപ്പെട്ടു. ആക്രമണം നടന്നുകൊണ്ടിരിക്കെ അമേരിക്കയിലെ ടെലിവിഷൻ സ്ക്രീനുകളിൽ ആവർത്തി ച്ചു പ്രത്യക്ഷപ്പെട്ട നെടുങ്കൻ വാചകം ഇ തായിരുന്നു: 'അമേരിക്ക ആക്രമിക്കപ്പെ ട്ടിരിക്കുന്നു!' ആക്രമണം നടത്തിയ ഭീക രരോ, അറബികളും മുസ്‌ലിംകളും! സംഭ വത്തെത്തുടർന്ന് നടന്ന ചർച്ചകളിൽ വലിയൊരു പങ്കും വംശീയതയിലധിഷ്ഠി തമായിരുന്നുവെന്ന് നിരീക്ഷകർ ചൂണ്ടി ക്കാട്ടുന്നു. അതിലേറ്റവും പ്രധാനം ആക്ര മണത്തിൽ കൊല്ലപ്പെട്ടവരെയും പരിക്കേ റ്റവരെയും കുറിച്ചുള്ള മൗനമാണ്. ഇരട്ട ടവറുകളുടെ മുകളിലത്തെ നിലകൾ പലതും അന്ന് കാലിയായിരുന്നുവത്രെ. അവയുടെ താഴെ തട്ടുകളിൽ ജോലി ചെയ്തിരുന്നവരിലേറെയും ലാറ്റിനമേരി ക്കക്കാരും ഇന്ത്യ-പാകിസ്താൻ-ബംഗ്ലാ ദേശ് തുടങ്ങിയ സ്ഥലങ്ങളിൽനിന്നുള്ള മുസ്‌ലിംകൾ ഉൾപ്പെടെയുള്ളവരുമായിരു ന്നു. അറേബ്യൻ, മലേഷ്യൻ, ഇന്തോനേ ഷ്യൻ, ആഫ്രിക്കൻ വംശജരായ മുസ്‌ലിം കളും അല്ലാത്തവരും ഇരട്ട ടവറുകളിലെ ഓഫീസുകളിൽ ജോലി ചെയ്തിരുന്നു. ആക്രമണത്തിൽ മരിച്ചവരിൽ മഹാ ഭൂരി പക്ഷവും അവരായിരുന്നു. അതുകൊണ്ട് അവരെക്കുറിച്ച് കണക്കെടുപ്പില്ല, സംസാ രമില്ല! വെള്ളക്കാരന്റെ വംശമഹിമയില്ലാ ത്തവർ മരണത്തിൽ പോലും കണക്കെ ടുക്കപ്പെടാൻ അർഹരല്ല!

9/11നു ശേഷം അമേരിക്ക നയിച്ച 'ഭീകരതക്കെതിരായ' യുദ്ധത്തിനു വേണ്ടി സജ്ജമാക്കിയത് വെള്ളക്കാരന്റെ ഭാഷ യിൽ 'അധമവംശജരുടെ' സൈന്യമായി രുന്നു. ഒറിജിനൽ വെള്ളക്കാരല്ലാത്ത പട്ടാ ളക്കാരെ പ്രത്യേകം തെരഞ്ഞെടുത്താണ് ഇറാഖ്-അഫ്ഗാൻ ആക്രമണത്തിന് വേണ്ടി അമേരിക്ക സൈന്യത്തെ ഒരുക്കി യത്. ആഫ്രോ അമേരിക്കക്കാർ, റെഡ് ഇന്ത്യൻസ് തുടങ്ങിയവരും ദരിദ്ര കുടും ബങ്ങളിൽനിന്നുള്ളവരുമായിരുന്നു അഫ്ഗാനിലും ഇറാഖിലും മരിച്ച യു. എസ് സൈനികരിലേറെയും. യു.എസ്.




**ആഫ്രോ അമേരിക്കക്കാർ, റെഡ് ഇന്ത്യൻസ് തുടങ്ങിയവരും ദരിദ്ര കുടുംബങ്ങളിൽനിന്നുള്ളവരുമാ യിരുന്നു അഫ്ഗാനിലും ഇറാഖിലും മരിച്ച യു.എസ് സൈനികരിലേറെയും. യു.എസ് സൈന്യത്തിലെ യഥാർഥ വെള്ളക്കാരൊന്നും അധിനിവേശ ഭൂമികളിൽ ആക്രമണത്തിനെത്തുകയോ കൊല്ലപ്പെടുകയോ ചെയ്യാറില്ല.**

സൈന്യത്തിലെ യഥാർഥ വെള്ളക്കാ രൊന്നും അധിനിവേശ ഭൂമികളിൽ ആക്ര മണത്തിനെത്തുകയോ കൊല്ലപ്പെടു കയോ ചെയ്യാറില്ല. പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, കാബിനറ്റ് മെമ്പർമാർ, യു. എസ് കോൺഗ്രസ് മെമ്പർമാർ, സീനി യർ ഓഫീസർമാർ, സി.ഐ.എ-എഫ്. ബി.ഐ തലവന്മാർ തുടങ്ങിയവരുടെ ബന്ധുക്കളാരും മരണപ്പെട്ട സൈനിക രിലില്ല! മരിച്ചവരുടെ മൃതദേഹങ്ങൾ പരമ രഹസ്യമായാണ് യു.എസ്സിലേക്ക് കൊണ്ടു വന്നത്. ക്യാമറകൾക്ക് ഒപ്പിയെടുക്കാ വുന്ന പൊതു ചടങ്ങുകളൊന്നും ശവസംസ്കാരത്തിന് ഉണ്ടായില്ല. യുദ്ധ ത്തിനെതിരായി ജനവികാരമുയരാതിരി ക്കാൻ എന്നതിനോടൊപ്പം 'ദരിദ്ര വർഗ ങ്ങളിലും അധമ വംശജരിലും' പെട്ടവ രാണ് മരിച്ചത് എന്നതും ഇതിന് കാരണമാ ണ്.

രക്തത്തിലും മരണത്തിലുംവരെ വംശീയതയുടെ വേർതിരിവുകളുണ്ട്. ഉന്നത വംശജരുടെ രക്തം വിശുദ്ധവും സംരക്ഷിക്കപ്പെടേണ്ടതുമാണ്. അധമ വംശജരുടെ രക്തം വില കുറഞ്ഞതാണ്. അതുകൊണ്ട് അവരുടെ മരണം പരിഗ ണിക്കപ്പെടേണ്ട ഒന്നല്ല. വെള്ളക്കാരന്റെ രക്തം, ആര്യന്മാരുടെ രക്തം, ബ്രാഹ്മ ണന്റെ രക്തം, ജൂതന്മാരുടെ രക്തം... ഇതെല്ലാം അമൂല്യമാണ്! അറേബ്യൻ രക്തം, ആഫ്രിക്കൻ രക്തം, ഏഷ്യൻ രക്തം, കറുത്തവന്റെ രക്തം, മുസ്‌ലിം രക്തം, ദലിത് രക്തം, തമിഴന്റെ രക്തം... ഇതെല്ലാം വിലയില്ലാത്തതും മ്ലേഛവുമാ ണ്. അമേരിക്കയുടെ മുൻ പ്രതിരോധ സെക്രട്ടറി റൊണാൾഡ് റംസ്ഫെൽഡി നോട് ഒരു പത്രസമ്മേളനത്തിൽ മാധ്യമ പ്രവർത്തകർ ചോദിച്ചു; അമേരിക്കയുടെ ഇറാഖ് അധിനിവേശത്തിൽ എത്ര പേർ മരിച്ചിട്ടുണ്ട്? 'ഞങ്ങൾ മരിച്ചവരുടെ കണ ക്കെടുക്കാറില്ല' -നിന്ദയോടെയായിരുന്നു റംസ്ഫെൽഡിന്റെ മറുപടി. ബീമാപള്ളി യിലെ നീതീകരിക്കാനാകാത്ത പോലീസ് വെടിവെപ്പിൽ ആറ് ദരിദ്ര മുസ്‌ലിം മത്സ്യ ത്തൊഴിലാളികളുടെ ജീവൻ പൊലിഞ്ഞു. മാധ്യമങ്ങൾ, പ്രതിപക്ഷ പാർട്ടികൾ, ബുദ്ധിജീവികൾ, സാംസ്കാരിക നായകർ, മുഖ്യധാരാ മനുഷ്യാവകാശ പ്രവർത്ത കർ ഇവരൊന്നും ഒരു കൊതുകുകടിച്ച അസ്വസ്ഥത പോലും കാണിച്ചില്ല. ബോംബിനേക്കാൾ ഭീകരമായ മൗനം! എന്നാൽ ഇത് മറ്റേതെങ്കിലും സമുദായ ക്കാരായിരുന്നെങ്കിലോ?

## ആഗോളവത്കരണവും വംശീയതയും

അസമത്വവും വംശീയതയും ആഗോളവത്കരണത്തിന്റെ അനന്തസാധ്യതകൾ ഉപയോഗിച്ചാണ് വളർച്ച നേടിയത്. വംശീയ വിദ്വേഷം, ഒറ്റപ്പെടുത്തൽ, നിരപരാധികൾക്കും ദുർബലർക്കും മേലുള്ള കൈയേറ്റങ്ങൾ തുടങ്ങിയവ ശക്തിപ്പെടുത്തുന്നതിൽ ആഗോളവത്കരണവും പങ്കുവഹിച്ചിട്ടുണ്ട്. ആഗോളവത്കരണത്തിന്റെ ഇരകളെക്കുറിച്ചും മുതലാളിത്ത വികസനഭ്രാന്തിന്റെ ഇരകളെപ്പറ്റിയും വംശീയതയുടെ മാനങ്ങൾ കൂടി മുൻനിർത്തി പഠിക്കേണ്ടതുണ്ട്.


ഫ്രഞ്ച്-ബ്രിട്ടീഷ് സാമ്രാജ്യത്വങ്ങളുടെ കാലത്ത് വംശീയ വിവേചനം, സാമ്രാജ്യത്വത്തിന്റെ ഭാഗമായിത്തന്നെ നടന്നിരുന്നു. സാമ്രാജ്യത്വ രാഷ്ട്രങ്ങളും അവയുടെ അധിനിവേശങ്ങളും വംശീയതയെ എപ്രകാരമെല്ലാം ഉപയോഗിച്ചുവെന്നും വളർത്തിയെന്നും സാമൂഹിക ശാസ്ത്രപണ്ഡിതർ പഠനവിധേയമാക്കിയിട്ടുണ്ട്. എഡ്വേർഡ് സൈദ് അവരിൽ മുൻപന്തിയിൽ നിൽക്കുന്നു. സൈദിന്റെ *ഓറിയന്റലിസം* (Orientalism-Vintage Books 1979), *സംസ്കാരവും സാമ്രാജ്യത്വവും* (Culture & Imperialism, Vintage Books, 1993) എന്നീ വിഖ്യാത കൃതികളിൽ ഈ വിഷയം ആഴത്തിൽ വിശകലനം ചെയ്തിട്ടുണ്ട്. പഴയ സാമ്രാജ്യത്വങ്ങളുടെ സ്ഥാനത്ത് ആഗോളവത്കരണമാണ് ഇന്നുള്ളത്. 'ആഗോളവത്കരണത്തിന്റെ വിദ്വേഷ സംസ്കാരം' (Xenophobic Culture of Globalisation) എന്ന തലക്കെട്ടിൽ ഈ വിഷയം ചർച്ച ചെയ്യപ്പെട്ടിട്ടുണ്ട് (www.globalissues.org/article/165/racism). വംശീയ സ്വത്വബോധവും വംശീയ ഗ്രൂപ്പുകളും ആഗോളവത്കരണകാലത്ത് ശക്തിപ്പെടുന്നതും കാണാം.

കറുത്തവർഗക്കാരെ അടിമകളാക്കിയപ്പോഴും ഏഷ്യൻ, ആഫ്രിക്കൻ, അമേരിക്കൻ രാജ്യങ്ങളെ കോളനികളാക്കിയപ്പോഴും വെള്ളക്കാർ അപരന്മാരെ പൈശാചികവത്കരിക്കുക(demonised)യാണ് ചെയ്തത്. വാഴ്ത്തപ്പെടുന്ന ആഗോളവത്കരണവും യഥാർഥത്തിൽ വംശീയാധിപത്യം തന്നെയാണ് ലക്ഷ്യം വെക്കുന്നത്. ആഗോളവത്കരണത്തിന്റെ അനന്തരഫലമായ സാമ്പത്തിക അസമത്വവും ചൂഷണവും പോലും വംശീയതയിലധിഷ്ഠിതമാണ് (Poverty is the New black-A Sivanandan, *The Guardian*, August 17, 2001).

ആഗോളവത്കരണത്തിന്റെ മറ്റൊരു സവിശേഷത വിദഗ്ധരായ തൊഴിലാളികൾക്ക് ദേശാതിർത്തികൾക്കപ്പുറം വിപുലമായ തൊഴിൽ മേഖലകൾ തുറന്നുകിട്ടി എന്നതാണ്. യൂറോപ്പിലെയും വടക്കേ അമേരിക്കയിലെയും കമ്പനികൾക്കും വ്യാപാര-വാണിജ്യ കേന്ദ്രങ്ങൾക്കും വിദഗ്ധരായ തൊഴിലാളികളെ ധാരാളമായി ആവശ്യം വന്നു. താരതമ്യേന കുറഞ്ഞ ശമ്പളത്തിന് വിദേശ രാജ്യത്തുനിന്ന്, വിശേഷിച്ചും മൂന്നാം ലോകരാജ്യങ്ങളിൽനിന്ന് തൊഴിലാളികളെ കൊണ്ടുവരികയാണവർ ചെയ്തത്. വൻതോതിലുള്ള കുടിയേറ്റമാണ് ഇതിന്റെ അനന്തരഫലം. അമേരിക്കയിലും യൂറോപ്യൻ രാജ്യങ്ങളിലും ലക്ഷക്കണക്കിന് കുടിയേറ്റക്കാരുണ്ട്. ഇവർ വ്യത്യസ്ത വംശജരുമാണ്. സ്വന്തം സംസ്കാരവും വംശീയ സ്വത്വവും കാത്തുസൂക്ഷിച്ചുകൊണ്ടാണ് വിദേശികൾ അമേരിക്കയിലും യൂറോപ്പിലും താമസിക്കുന്നത്. അവിടങ്ങളിലൊക്കെ പുതിയ വംശീയ സ്വത്വങ്ങളും അവയുടെ സാംസ്കാരിക ചിഹ്നങ്ങളും പ്രത്യക്ഷപ്പെടാൻ ഇതു കാരണമായി. ഇപ്പോൾ, അമേരിക്കയിലും യൂറോപ്പിലും കുടിയേറ്റം വഴി ധാരാളം 'അപര'വംശീയ വിഭാഗങ്ങൾ താമസിക്കുന്നു. കുടിയേറ്റക്കാരുടെ വംശീയ വിഭാഗങ്ങൾ മാത്രമല്ല, തദ്ദേശീയരും വിദേശീയരും വൈവാഹിക ബന്ധത്തിലൂടെ കൂടിച്ചേർന്നുണ്ടാകുന്ന പുതിയ സങ്കര വംശീയതയും അത്തരം രാജ്യങ്ങളുടെ പ്രത്യേകതയാണ്. ഇതെല്ലാം മുഖ്യമായും ആഗോളവത്കരണത്തിന്റെ അനന്തരഫലമാണ് (LIz Fekete, The Emergence of Xeno-racism, Institute for Race Relations, September 28, 2001, www.irr.org.uk). ■

(അവസാനിച്ചു)

sadarvzkd@yahoo.co.in




**ബീമാപള്ളിയിലെ നീതീകരിക്കാനാകാത്ത പോലീസ് വെടിവെപ്പിൽ ആറ് ദരിദ്ര മുസ്‌ലിം മത്സ്യത്തൊഴിലാളികളുടെ ജീവൻ പൊലിഞ്ഞു. മാധ്യമങ്ങൾ, പ്രതിപക്ഷ പാർട്ടികൾ, ബുദ്ധിജീവികൾ, സാംസ്‌കാരിക നായകർ, മുഖ്യധാരാ മനുഷ്യാവകാശ പ്രവർത്തകർ ഇവരൊന്നും ഒരു കൊതുകുകടിച്ച അസ്വസ്ഥത പോലും കാണിച്ചില്ല. ബോംബിനേക്കാൾ ഭീകരമായ മൗനം! എന്നാൽ ഇത് മറ്റേതെങ്കിലും സമുദായക്കാരായിരുന്നെങ്കിലോ?**


## വൈവാഹികം

പ്രസ്ഥാന പ്രവർത്തകൻ(28/165CM). P.G., B.Ed., PGDCA. ICSE സ്കൂൾ അധ്യാപകൻ. ദീനീ നിഷ്ഠയും സൗന്ദര്യവും TTC/B.Sc/M.Sc യോഗ്യതയുമുള്ള യുവതികളുടെ രക്ഷിതാക്കളിൽനിന്ന് ആലോചനകൾ ക്ഷണിക്കുന്നു.

**ഫോൺ: 9995346010**